

**ആദിവാസികളെ കാവിവൽക്കരിക്കുമ്പോൾ – 4**

ലേഖനം

●

**ഹാദി**

# രാജസ്ഥാനിലെ ഘർവാപസി

**ഒറീസ**, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലും ഗുജറാത്തിലേതുപോലെ സംഘ് പ്രവർത്തനങ്ങൾ വിജയം കണ്ടു കഴിഞ്ഞു. കേരളത്തിലെ ആദിവാസികൾക്കിടയിലും സംഘ്പ്രവർത്തനങ്ങൾ സജീവമാണ്. മധ്യേന്ത്യയിലെ അത്രതന്നെ അത് വിജയം കണ്ടിട്ടില്ല.

'ഹിന്ദുത്വം കർമനിരതം' (Hindutva at work) എന്ന തലക്കെട്ടിൽ *ഫ്രണ്ട്‌ലൈൻ* ദ്വൈവാരിക ഒരു ലക്കം (2004 മാർച്ച് 13-26) പുറത്തിറക്കിയിരുന്നു. അതിലെ 'ആദിവാസിഹൃദയഭൂമിയുടെ കാവിവൽക്കരണം' (Saffronising the tribal heartland) എന്ന ലേഖനം വിഷയത്തിന്റെ വിശദാംശങ്ങൾ തരുന്നുണ്ട്.

### മധ്യപ്രദേശിലെ ഡോർ ടു ഡോർ കാമ്പയിൻ

ഗുജറാത്തിനോട് അതിർത്തി പങ്കിടുന്ന നർമദാവാലിയിലെ പരമ്പരാഗത ഗിരിവർഗ ജില്ലയാണ് ജാബുവ. കോൺഗ്രസിന് നല്ല സ്വാധീനമുണ്ടായിരുന്ന ജില്ലയിപ്പോൾ ബി.ജെ.പി പക്ഷത്താണ്. മത സാംസ്കാരിക ചിഹ്നങ്ങളെ ഉപയോഗിച്ച് എങ്ങനെ ആളെകൂട്ടാമെന്ന് ഇവിടുത്തെ സംഘ്പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും.

ഭൈൽ, ഭൈലാല, പടിലിയ (Bhil, Bhilala, Patiliya) എന്നിവയാണ് പതിനാലു ലക്ഷത്തോളം ജനസംഖ്യയുള്ള ജാബുവ മേഖലയിലെ പ്രധാന ആദിവാസി വിഭാഗങ്ങൾ. എല്ലാവരെയും ഉൾക്കൊള്ളാൻ മാത്രം വിശാലതയുള്ളതെന്ന് വിശേഷിപ്പിച്ചുകൊണ്ട് പാൻഹിന്ദുയിസത്തിലേക്കാണ് ആർ.എസ്.എസ് ഇവരെ ആനയിക്കുന്നത്. 'വിശാലമായ ഹിന്ദു സംസ്കാരത്തിന്റെ അനിവാര്യ ഭാഗമാണ് വനവാസികൾ' – ആർ. എസ്.എസ്.എസിന്റെ ഔദ്യോഗിക വക്താവ് രാം മാധവ് പറയുന്നു. ആർ.എസ്.എസ് സ്വാമിമാർ കാട്ടിൽവെച്ചു തന്നെ ഹിന്ദു ആരാധനാരീതികൾ അവരെ പരിശീലിപ്പിക്കുന്നു. തദാവശ്യാർഥമാണ് 1950-ൽ അലിരാജ്പൂർ ആസ്ഥാനമാക്കി ഭഗത് മൂവ്മെന്റ് (Bhagat Movement) രൂപീകരിച്ചത്. അമിത ബവിസ്കർ (Amita Baviskar) തന്റെ 'ദ ബെല്ലി ഓഫ് ദ റിവർ' (The Belly of the river) എന്ന കൃതിയിൽ ആദിവാസികളുടെ പാരമ്പര്യ മതത്തെയും അവരെ ഹിന്ദുത്വവൽക്കരിക്കാനുള്ള ശ്രമങ്ങളെയും കുറിച്ച് പറയുന്നുണ്ട്. പ്രകൃതിയെയും പൂർവികരെയും ആരാധിക്കുന്ന ആദിവാസി മതം ഹിന്ദുമതത്തിൽനിന്ന് വ്യത്യസ്തമായിരുന്നു. പിന്നീട് ഹിന്ദുമതത്തിന്റെ ആധിപത്യത്തിന് വഴങ്ങി പലതും അതിൽനിന്ന് അവർക്ക് സ്വീകരിക്കേണ്ടി വന്നുവെന്ന് ബവിസ്കർ എഴുതുന്നു.

ജാബുവ ഇന്ന് ഹൈന്ദവ ചിഹ്നങ്ങളാൽ നിബിഡമാണ്. മുമ്പൊന്നുമില്ലാത്ത വിധം ചെറിയ ക്ഷേത്രങ്ങളും കാവിക്കൊടികളും ബാനറുകളും ജാബുവയിലുടനീളം കാണാം. ഹിന്ദുസംസ്കാരത്തെക്കുറിച്ച ആർ.എസ്.എസ് ഭാഷ്യം ആദിവാസി മനസുകളിൽ വേരുപിടിച്ചു കഴിഞ്ഞു. 'ഭഗോറിയ' (bhagoria) എന്നൊരു ആദിവാസി ആഘോഷമുണ്ട്. ആദിവാസികൾ തങ്ങളുടെ ഇണകളെ തെരഞ്ഞെടുക്കുന്ന ഈ ആഘോഷം ഇന്ന് പൂർണമായും ആർ.എസ്.എസ് നിയന്ത്രണത്തിലാണ് നടക്കുന്നത്.

1990-ൽ ജാബുവയിൽ ആർ.എസ്.എസ് ഒരു കാമ്പയിൻ നടത്തി. "വീട്ടിൽനിന്ന് വീട്ടിലേക്ക്, വ്യക്തിയിൽനിന്ന് വ്യക്തിയിലേക്ക്, ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്ക്" എന്ന തലക്കെട്ടിൽ നടത്തിയ കാമ്പയിന്റെ കോ-ഓർഡിനേറ്റർ മിലിന്ദ് ദണ്ഡേക്കർ ആയിരുന്നു. 4000 ആർ.എസ്.എസ് വളണ്ടിയർമാരാണ് കാമ്പയിൻകാലത്ത് ആദിവാസികൾക്കിടയിൽ പ്രവർത്തിച്ചത്. ഓരോ ആദിവാസി കുടിലിലും ഏഴുദിവസം സംഘ്വളണ്ടിയർമാർ താമസിച്ചു. ഓരോ ആദിവാസി കുടിലിലും ഓരോ ഹിന്ദുദൈവത്തിന്റെ പടം പ്രതിഷ്ഠിച്ചു. ഓരോ ആദിവാസിയുടെയും കഴുത്തിൽ ഹനുമാൻ ചിത്രമുള്ള ഹാരങ്ങളും അണിയിച്ചു. കാമ്പയിന്റെ അവസാനം, രണ്ടര ലക്ഷം ആദിവാസികളെ പങ്കെടുപ്പിച്ച് ഒരു ഹിന്ദു മഹാസംഗമവും നടത്തി. സേവാഭാരതിയെയും വനവാസി കല്യാൺ പരിഷതിനെയും ഉപയോഗപ്പെടുത്തി ആർ.എസ്.എസ്. മേഖലയിൽ സ്കൂളുകളും മെഡിക്കൽ സെന്ററുകളും സ്വയം സഹായസംഘങ്ങളും നടത്തുന്നു.

'ധർമജാഗരൺ' (dharma jagaran) അഥവാ 'വിശ്വാസോത്തേജനം (awakening of faith) ആണ് പ്രധാന പരിപാടി. എന്താണ് 'ധർമജാഗരണിന്റെ പൊരുൾ' എന്ന് ഭൈൽ വിഭാഗത്തിൽപെട്ട ആദിവാസി ഭൂംസിൻഹ പചായ (Bhumsingh Pachaya) വിശദീകരിക്കുന്നു: "അവർ ഞങ്ങളെ രാമായണവും ശബരിയുടെ ഐതിഹ്യവും പഠിപ്പിക്കുന്നു. നാം എല്ലാവരും ഹിന്ദുക്കളാണെന്ന് ഞങ്ങളെ ഓർമിപ്പിക്കുകയും ചെയ്യുന്നു.'' സേവാ ഭാരതിയുടെ സ്കൂളിൽ പഠിച്ച ഭൂംസിൻഹ ഇപ്പോൾ 'സരസ്വതി ശിഷ്യകേന്ദ്ര'യിൽ കുട്ടികളെ പഠിപ്പിക്കുകയാണ്. അങ്ങനെ എത്രയുവാക്കൾ, എത്ര കുട്ടികൾ, എത്ര വിദ്യാലയങ്ങൾ! (Saffronising the tribal heart land - Amulya Gopalakrishnan - *Frontline*, 2004 March 13-26)




**രാജസ്ഥാനിലെ ഗിരിവർഗ മേഖലകളിൽ ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന ആസൂത്രിത കാമ്പയിന്റെ മൂർത്തമായ ആവിഷ്കരണമാണ് ഭഗ്പുരയിലെ ഘർവാപസി. ആദിവാസി മേഖലകളിലെ ഓരോ ഗ്രാമത്തിലും കവലയിലും രാമനെയും ഹിന്ദുമതത്തെയും പരിചയപ്പെടുത്തുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു. ഹിന്ദു പാരമ്പര്യത്തിന് ക്രിസ്ത്യൻ മതപരിവർത്തനം ഉയർത്തുന്ന ഭീഷണിയെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നു.**

### രാജസ്ഥാനിലെ ഘർവാപസി

2004 ഫെബ്രുവരി 29 രാജസ്ഥാനിലെ ഉദയ്പൂർ ജില്ലയിലെ ഭഗ്പുരാഗ്രാമത്തിൽ വി.എച്ച്.പി ഒരു 'ഘർവാപസി' (Back to home) ആഘോഷം സംഘടിപ്പിച്ചു. 650 ആദിവാസി ക്രിസ്ത്യാനികളെ ഹിന്ദുമതത്തിലേക്ക് 'പുനപരിവർത്തനം' (?) ചെയ്യിക്കുന്നതായിരുന്നു ചടങ്ങ്. ആദ്യം അവരെ ഗംഗാജലം തളിച്ച് ശുദ്ധീകരിച്ചു. പിന്നീട് 'ഓം' മുദ്രപതിച്ച ലോക്കറ്റുകളും കലണ്ടറുകളും നൽകി. 'മഹാറാണാപ്രതാപിന്റെ' പേരിൽ ഒരു പ്രതിജ്ഞയും ചെയ്യിച്ചു. ക്രിസ്ത്യൻ മിഷനറിമാരുടെയും അവരുടെ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ കരുതിയിരിക്കാൻ അവരെ ഉൽബോധിപ്പിച്ചു. ബജ്റംഗ്ദളിന്റെ ജില്ലാ നേതാക്കളുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്.

രാജസ്ഥാനിലെ ഗിരിവർഗ മേഖലകളിൽ ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന ആസൂത്രിത കാമ്പയിന്റെ മൂർത്തമായ ആവിഷ്കരണമാണ് ഭഗ്പുരയിലെ ഘർവാപസി. സമാന ചടങ്ങുകൾ ആദിവാസി മേഖലകളിലുടനീളം സംഘ്പരിവാർ നടത്തുന്നുണ്ട്. വനവാസി കല്യാൺ പരിഷത്ത്, വി.എച്ച്.പി, ബജ്റംഗ്ദൾ എന്നിവരാണതിന് നേതൃത്വം നൽകുന്നത്. രാജസ്ഥാനിലെ ആദിവാസി മേഖലകളിലെ ഓരോ ഗ്രാമത്തിലും കവലയിലും രാമനെയും ഹിന്ദുമതത്തെയും പരിചയപ്പെടുത്തുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു. ഹിന്ദു പാരമ്പര്യത്തിന് ക്രിസ്ത്യൻ മതപരിവർത്തനം ഉയർത്തുന്ന ഭീഷണിയെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നു. (T.K Rajalakshmi - Saffronising the tribal heartland - Frontline)

"സംഘ്പരിവാർ ആദിവാസികളെ കാവിവൽക്കരിക്കുകയും 'ഘർവാപസി' ആഘോഷിക്കുകയും ചെയ്യുന്നു. എന്നാൽ ആദിവാസികളുടെ ജീവിതനിലവാരത്തിൽ ഒരു മാറ്റവും അതുണ്ടാക്കുന്നില്ല. അവർക്കൊരു പുരോഗതിയും അതിലൂടെ ലഭിക്കുന്നില്ല. അവരിപ്പോഴും പീഡിതരായിത്തന്നെ കഴിയുന്നു. ദാരിദ്ര്യം അവരുടെ നിലനിൽപു തന്നെ അപകടത്തിലാക്കുന്നു"- ഉദയ്പൂരിൽനിന്ന് 120 കിലോമീറ്റർ സഞ്ചരിച്ചാൽ എത്തിച്ചേരാൻ കഴിയുന്ന കോതാര (Kotara) യിലെ ദയനീയാവസ്ഥകളെക്കുറിച്ച് 2004-ൽ അവിടം സന്ദർശിച്ച *ഫ്രണ്ട്ലൈൻ* ലേഖിക ടി.കെ രാജലക്ഷ്മിയുടെ വാക്കുകൾ.

2002-ൽ രാജലക്ഷ്മി കോതാരയിൽ പോയിരുന്നു. അന്ന് അവർക്ക് കാവിവത്കരണത്തിന്റെ അടയാളങ്ങൾ ഇത്ര വ്യാപകമായി കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 2004 ആയപ്പോഴേക്കും വനവാസി കല്യാൺ പരിഷത്തിന്റെ പ്രവർത്തനങ്ങൾ എല്ലായിടത്തും കാണാൻ സാധിച്ചു. മേഖലയൊന്നാകെ ഹിന്ദുത്വവൽക്കരിക്കപ്പെട്ടതായി അവർ സാക്ഷ്യപ്പെടുത്തുന്നു. സംഘ്പരിവാർ ഗിരിവർഗക്കാരെ ആദിവാസികളായി

അംഗീകരിക്കുന്നേ ഇല്ല. എന്നാൽ ക്രിസ്ത്യൻ മിഷനറികൾ ആദിവാസികളുടെ സംസ്കാരമോ പാരമ്പര്യങ്ങളോ ഒന്നും മാറ്റുകയുണ്ടായില്ല.

ആദിവാസികളിലെത്തന്നെ വിദ്യാഭ്യാസവും കഴിവുമുള്ള ആളുകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നേതാക്കളാക്കുകയാണ് സംഘ്രീതി. വ്യാപകമായി ജനങ്ങളെ സംഘടിപ്പിക്കുന്നത് ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരാണ്. മാൾവാ ചൗറാ ഗ്രാമത്തിലെ നേതാക്കളും ആർ.എസ്.എസ് പ്രവർത്തകരുമായ ഡിറ്റാറാം ഗറാസിയ, രത്നാറാം ഗറാസിയ എന്നിവർ ഉദാഹരണം. ഡിറ്റാറാം ജില്ലാ ധർമജാഗരൺ പ്രമുഖ് ആണ്.

"വനവാസികളോട് ഞങ്ങൾ പറയുന്നു, അവരെല്ലാം ഹിന്ദുക്കളാണ്. യാതൊരു കാരണവശാലും മറ്റൊരുമതം സ്വീകരിക്കരുത്. കോതാറയിലെ മുസ്‌ലിംകൾ പരസ്യമായി ചില കുഴപ്പങ്ങൾ ഉണ്ടാക്കാറുണ്ടായിരുന്നു. ഞങ്ങളുടെ സാന്നിധ്യം അനുഭവപ്പെട്ടതോടെ അവരത് നിർത്തി" - ഡിറ്റാറാമിന്റെ വാക്കുകൾ. ഗണേഷ് ചതുർഥിപോലുള്ള ഹൈന്ദവ ആഘോഷങ്ങളുടെ സമയത്ത് ആദിവാസി ഗ്രാമങ്ങളിൽ അവ നടത്താൻ പ്രത്യേകം ആളുകളെ സംഘ്പരിവാർ നിയോഗിക്കുന്നു.

സ്കൂൾ (Vidya Apte Middle School), ആശ്രമങ്ങൾ എന്നു വിളിക്കുന്ന ഹോസ്റ്റലുകൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രത്യേക കാമ്പസുകൾ വ്യാപകമായി സ്ഥാപിക്കുന്നതിലാണ് വി.കെ.പിയുടെ മുഖ്യശ്രദ്ധ. അവിടെ പഠിക്കുന്ന വിദ്യാർഥികളിൽ 50 ശതമാനവും ആദിവാസികളാണ്. അവർക്ക് ഫീസ് മുഴുവനായും ഒഴിവാക്കിക്കൊടുക്കുന്നു. എല്ലാ ഗ്രാമങ്ങളിലും പത്ത് അംഗങ്ങൾ ഉൾക്കൊള്ളുന്ന പ്രാദേശിക കമ്മിറ്റികൾ വി.കെ.പി രൂപീകരിച്ചിട്ടുണ്ട്. കോതാറാ ബ്ലോക്കിലെ 304 വില്ലേജുകളിലും ഇത്തരം കമ്മിറ്റികൾ പ്രവർത്തന നിരതമാണ്. ഗ്രാമങ്ങളിൽ ഇടക്കിടെ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു. ഗുജറാത്ത്, പാലൻപൂർ, ഖേഢ് ബ്രഹ്മ തുടങ്ങിയ സ്ഥലങ്ങളിൽനിന്നാണ് മെഡിക്കൽ ക്യാമ്പുകൾക്ക് ഡോക്ടർമാർ വരുന്നത്. ധാരാളം ഏകൽ വിദ്യാലയങ്ങളും വി.കെ.പിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നു. എട്ടാം ക്ലാസ് പഠനം പൂർത്തിയാക്കിയവരാണവയിലെ 'ഗുരു'ക്കന്മാർ. വി.കെ.പി സ്കൂളുകളിൽ തന്നെ



**ജാബുവ ഇന്ന് ഹൈന്ദവ ചിഹ്നങ്ങളാൽ നിബിഡമാണ്. മുമ്പൊന്നുമില്ലാത്തവിധം ചെറിയ ക്ഷേത്രങ്ങളും കാവിക്കൊടികളും ബാനറുകളും ജാബുവയിലുടനീളം കാണാം. ഹിന്ദുസംസ്കാരത്തെകുറിച്ച ആർ.എസ്.എസ് ഭാഷ്യം ആദിവാസി മനസുകളിൽ വേരുപിടിച്ചു കഴിഞ്ഞു. 'ഭഗോറിയ' എന്നൊരു ആദിവാസി ആഘോഷമുണ്ട്. ആദിവാസികൾ തങ്ങളുടെ ഇണകളെ തെരഞ്ഞെടുക്കുന്ന ഈ ആഘോഷം ഇന്ന് പൂർണമായും ആർ.എസ്.എസ് നിയന്ത്രണത്തിലാണ് നടക്കുന്നത്.**

പഠിച്ച മിടുക്കരായ കുട്ടികളെയാണ് 'ഗുരു'ക്കളായി നിശ്ചയിക്കുക. 'ഹിന്ദുസംസ്കാരമാണ്' ഏകൽവിദ്യാലയങ്ങളിലെ പ്രധാന പഠനവിഷയം. ഉദയ്പൂർ മേഖലയിൽ മാത്രം ഇത്തരം 100 ഏകൽ വിദ്യാലയങ്ങളുണ്ട്.

ഭൈറോൺസിംഗ് ശെഖാവത്ത് മുഖ്യമന്ത്രിയായിരിക്കെ പിന്നാക്ക ഉൾപ്രദേശങ്ങൾക്കുവേണ്ടി 'ശിക്ഷാകർമികൾ' എന്നപേരിൽ പ്രത്യേക അധ്യാപകരെ നിശ്ചയിക്കുകയുണ്ടായി. ആർ.എസ്.എസും വി.കെ.പിയും റിക്രൂട്ട് ചെയ്ത, പത്ത്-പന്ത്രണ്ട് ക്ലാസുകൾ പൂർത്തിയാക്കിയവരെയാണ് 'ശിക്ഷാകർമികളാ'യി തെരഞ്ഞെടുത്തത്.

1978-ലാണ് വനവാസി കല്യാൺ പരിഷത്ത് രാജസ്ഥാനിൽ പ്രവർത്തനമാരംഭിച്ചത്. സംസ്ഥാനത്ത് ആദിവാസികൾ അധിവസിക്കുന്ന ബൻസ്വാര, ഉദയ്പൂർ, ദംഗർപൂർ, പാലി, ബറൻ, കോടാ, സിറോഹി, ജലവാർ, രാജസമന്ദ്, ചിറ്റോർ, പ്രതാപ്ഗറ എന്നീ പതിനൊന്ന് ജില്ലകളിലും ഇന്ന് വി.കെ.പി സജീവമാണ്. 5096 ആദിവാസി ഗ്രാമങ്ങളിൽ 3000ത്തിലും വി.കെ.പിക്ക് വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ-ആരോഗ്യ-ആത്മീയ കേന്ദ്രങ്ങളുണ്ട്.

### ഒറീസ ഹിന്ദുത്വ പരീക്ഷണാലയം

* ഹിന്ദുത്വത്തിൽനിന്ന് ജനങ്ങളെ മതപരിവർത്തനം ചെയ്യാൻ ശ്രമിക്കുന്നവരെ തൂക്കിക്കൊല്ലുക.

* ഹിന്ദുത്വത്തിന്റെ ഉണർവ് ജന്മഭൂമിയുടെ ഉണർവ്.

* കരുതിയിരിക്കുക; മതപരിവർത്തനം നടത്തുന്നവർ ദേശീയതയുടെ ശത്രുക്കൾ.

* മതപരിവർത്തനം നിർത്തുക. ഹിന്ദുത്വത്തിന്റെ സംരക്ഷണം ഞങ്ങളുടെ വിശുദ്ധ ദൗത്യം.


ഒറീസയിലെ തെരുവുകളിൽ നിറഞ്ഞുനിൽക്കുന്ന ചുമരെഴുത്തുകളിൽ ചിലതാണിത്. ഇതുവായിച്ചിട്ടാകണം സി.പി.ഐ ജനറൽ സെക്രട്ടറി എ.ബി ബർദാൻ പറഞ്ഞത്: 'ഒറീസയാണ് ഹിന്ദുത്വയുടെ അടുത്ത പരീക്ഷണശാല!' 2004-ൽ ബർദാൻ നടത്തിയ ഈ പ്രവചനം 2008-ൽ അക്ഷരംപ്രതി പുലർന്നതാണ് ക്രിസ്ത്യാനികൾക്കെതിരായ ഹിന്ദുത്വവാദികളുടെ ഭീകരമായ ആക്രമണങ്ങളിലൂടെ ലോകം കണ്ടത്. 2002-ലെ ഗുജറാത്തിലെ ഹിന്ദുത്വ ഭീകരതയോളം വരില്ലെങ്കിലും ഒറീസയിലും സംഘ്പരിവാറിന്റെ ന്യൂനപക്ഷ രക്തദാഹത്തെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്.

ആർ.എസ്.എസിനും പോഷകസംഘടനകൾക്കും ഒറീസയിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ആഴത്തിൽ വേരുകളുണ്ട്. 2500 ശാഖകളിലായി ഒരു ലക്ഷം ആർ.എസ്.എസ് കാഡറുകൾ സംസ്ഥാനത്തുണ്ട്. മുപ്പത് പോഷകസംഘടനകളാണ് രാഷ്ട്രീയ സ്വയം സേവക് സംഘത്തിന്റേതായി ഒറീസയിൽ പ്രവർത്തിക്കുന്നത്. വി.എച്ച്.പിക്ക് 60000 അംഗങ്ങളാണവിടെയുള്ളത്. 171 ട്രേഡ് യൂനിയനുകളെ നിയന്ത്രിക്കുന്ന ഭാരതീയ മസ്ദൂർ

സംഘത്തിൽ ഒരു ലക്ഷത്തി എൺപത്തി രണ്ടായിരം മെമ്പർമാരുണ്ട്. 21 ജില്ലകളിൽ ആദിവാസികളെ ലക്ഷ്യം വെച്ചുകൊണ്ട് വി.കെ.എയുടെ 1534 പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആർ.എസ്.എസിന്റെ വിദ്യാർഥിവിഭാഗമായ അഖില ഭാരതീയ വിദ്യാർഥി പരിഷത് (ABVP) സംസ്ഥാനത്തെ 299 കോളേജുകളിൽ സജീവമാണ്.

ആദിവാസി വിദ്യാർഥികളെ ലക്ഷ്യംവെച്ചുള്ള 730 ഏകൽ വിദ്യാലയങ്ങളാണ് പത്തു ജില്ലകളിലായി പ്രവർത്തിക്കുന്നത്. ബജ്റംഗ്ദളിന്റേതു മാത്രമായി 200 ആയുധ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആദിവാസികളുടെ മതപരിവർത്തനം തടയൽ മുഖ്യലക്ഷ്യമായുള്ള 'ധർമരക്ഷാസമിതി'യും ഹിന്ദുത്വ ചിന്താധാരയിലേക്ക് ജനങ്ങളെ മതപരിവർത്തനം ചെയ്യാൻ വേണ്ടി സമിതി സംഘടിപ്പിക്കുന്ന 'ധർമജാഗരണും' ഒറീസയിൽ സജീവമാണ്. പാർശ്വവൽകൃതരും പിന്നാക്കക്കാരുമായ ആദിവാസികളെയും ദലിതരെയുമാണ് ഹിന്ദുത്വവാദികൾ പ്രധാനമായും ലക്ഷ്യമിടുന്നത്. ധന്വന്തരി ശാസ്ത്രീയ പ്രതിസ്ഥാന്റെ ആഭിമുഖ്യത്തിലുള്ള ആരോഗ്യ-സേവന പ്രവർത്തനങ്ങളിലൂടെയും സത്സംഗ് കേന്ദ്രങ്ങളിൽ നടത്തുന്ന മതപരമായ ചടങ്ങുകളിലൂടെയും ആദിവാസികൾ ബ്രാഹ്മണിക ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന കാഴ്ച ഒറീസയിലെങ്ങും കാണാം.

ഗിരിവർഗക്കാരുടെ മനസിൽ ഹിന്ദുമതത്തെ കുടിയിരുത്താൻ വേണ്ടി ഒറീസയിലുടനീളം ഹനുമാൻ പ്രതിമകളും ഹനുമാൻ ക്ഷേത്രങ്ങളും സംഘ്പരിവാർ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഒറീസയിൽ ബി.ജെ.പിക്ക് വമ്പിച്ച ജനകീയ സ്വാധീനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. വർഗീയതയാണവരുടെ പ്രധാന തുറുപ്പുചീട്ട്. അതുവഴി മൂന്ന് ലക്ഷ്യങ്ങൾ സംഘ്പരിവാർ നേടുന്നു. ഒന്ന്, ക്രിസ്ത്യൻ മിഷനറിമാരുടെ ആരോഗ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ പുരോഗതി നേടുന്ന ആദിവാസികളുടെ വളർച്ച തടയാനും അവരെ എന്നെന്നും ചൂഷിതരും അധഃകൃതരുമായി നിലനിർത്താനും കഴിയും. രണ്ട്, 60 ഗോത്രവർഗങ്ങളിലായി ഏഴു മില്യൻ ആദിവാസികളുണ്ട് ഒറീസയിൽ. അവരെ ബി.ജെ.പിയുടെ വോട്ടുബാങ്കായി നിലനിർത്താം. മൂന്ന്, ആദിവാസികളെ തങ്ങളുടെ പാരമ്പര്യ മതത്തിൽനിന്ന് ബ്രാഹ്മണിക ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുന്നതിലൂടെ ഹിന്ദുജനസംഖ്യ വർധിപ്പിക്കാം.




**ആദിവാസി വിദ്യാർഥികളെ ലക്ഷ്യം വെച്ചുള്ള 730 ഏകൽ വിദ്യാലയങ്ങളാണ് പത്തു ജില്ലകളിലായി പ്രവർത്തിക്കുന്നത്. ബജ്റംഗ്ദളിന്റേതു മാത്രമായി 200 ആയുധ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആദിവാസികളുടെ മതപരിവർത്തനം തടയൽ മുഖ്യലക്ഷ്യമായുള്ള 'ധർമരക്ഷാസമിതി'യും ഹിന്ദുത്വ ചിന്താധാരയിലേക്ക് ജനങ്ങളെ മതപരിവർത്തനം ചെയ്യാൻ വേണ്ടി സമിതി സംഘടിപ്പിക്കുന്ന 'ധർമജാഗരണും' ഒറീസയിൽ സജീവമാണ്.**

(Orissa Another Hindutva Laboratory? - by Subrid Sankar Chatto Padhyay *Frontline* 2004 March 13-26)

## ഛത്തീസ്ഗഢിലെ സൽവജുദം

മാവോയിസ്റ്റുകൾക്കെതിരെ പോരാടാനായി ഛത്തീസ്ഗഢ് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച 'സമാധാന സേന'യാണ് 'സൽവജുദം' (Salwa Judum). സംസ്ഥാന ഗവൺമെന്റിന്റെ പരിശീലനവും ആയുധവും ലഭിക്കുന്ന 'സായുധസേന' (militia)യാണിത്. ഛത്തീസ്ഗഢിന്റെ തെക്കൻ ജില്ലയായ ദാന്റ്വാഡ പോലെ മാവോയിസ്റ്റ് സ്വാധീനമുള്ള ജില്ലകളിലെ 'മാവോയിസ്റ്റ് കേന്ദ്രങ്ങളിൽ' ആക്രമണം നടത്തുകയാണ് സൽവജുദമിന്റെ പ്രധാന ദൗത്യം. മാവോയിസ്റ്റുകൾക്ക് ലഭിക്കുന്ന പിന്തുണ തകർക്കാനെന്ന പേരിൽ ഇവർ ഗ്രാമങ്ങളിൽ ആക്രമണം അഴിച്ചുവിടുന്നു. വീടുകൾ തകർക്കുകയും ജനങ്ങളെ റിലീഫ് ക്യാമ്പുകളിലേക്ക് പോകാൻ നിർബന്ധിക്കുകയും ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത ക്യാമ്പുകളിൽ നൂറുകണക്കിനാളുകൾ വെള്ളവും ഭക്ഷണവും പോലും കിട്ടാതെ നരകിക്കുന്നു.

ഗവൺമെന്റിന്റെ മാവോയിസ്റ്റ് വിരുദ്ധ നടപടികളുടെ ഭാഗമായാണിതെല്ലാം നടക്കുന്നതെങ്കിലും വ്യവസായ ഏജൻസികളും ഹിന്ദുത്വ സംഘടനകളുമാണ് യഥാർഥത്തിൽ ഇതിനു പിന്നിൽ കളിക്കുന്നത്. ധാതുസമ്പത്ത് ധാരാളമുള്ള മേഖലകളുടെ നിയന്ത്രണം കൈയടക്കാനാണ് വ്യവസായ ലോബി ആദിവാസികളെ കുടിയൊഴിപ്പിക്കുന്നത്. എന്നാൽ ക്യാമ്പുകളുടെ നിയന്ത്രണം സംഘ്പരിവാറിനായതിനാൽ ആദിവാസികളെയും തങ്ങളുടെ സൈനിക ശേഖരത്തിലേക്ക് മുതൽ കൂട്ടാൻ അവർക്ക് കഴിയുന്നു. സൽവജുദമിനു പിന്നിൽ ഹിന്ദുത്വ സംഘടനകളാണെന്ന് നിരീക്ഷകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാത്രമല്ല, ജനസേവനം, ഘർവാപസി തുടങ്ങിയ ലക്ഷ്യങ്ങൾക്കായി പരിശീലനം ലഭിച്ച ധാരാളം സംഘ ചാലകുമാരെ വി.എച്ച്.പി മാവോയിസ്റ്റ് നിയന്ത്രിത മേഖലകളിൽ വിന്യസിച്ചിട്ടുണ്ട്. വി.കെ.എയുടെ ആഭിമുഖ്യത്തിൽ അനേകം ഏകൽ വിദ്യാലയങ്ങളും തുറന്നിട്ടുണ്ട്. ആദിവാസി ക്യാമ്പുകളിൽ ഗവൺമെന്റ് നിയമിക്കുന്നതു തന്നെ വി.കെ.എയുടെ വളണ്ടിയർമാരെയാണ്. അഭയ് എക്സാസ (Abhay Xaxa) സമീപകാലത്തെഴുതിയ ഒരു ലേഖനം ഇതിലേക്ക് വെളിച്ചം വീശുന്നുണ്ട്. (Carnivorous Flower Bringing Adivasis within 'Communal' fold - by Shankar Gopalakrishnan Priyadarshini Sreenivasa Page 6-7)

## കേരളത്തിലെ കർസേവകർ

കേളത്തിലെ ആദിവാസികൾക്കിടയിൽ 1950കളിൽ തന്നെ സംഘ്പരിവാറിന്റെ ഹിന്ദുത്വ-വർഗീയവൽക്കരണശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർ.എസ്.എ

സിന്റെ ആഭിമുഖ്യത്തിൽ വ്യത്യസ്ത സംഘടനകൾ രൂപീകരിച്ച് മത-സാംസ്കാരിക-വിദ്യാഭ്യാസ-രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെയാണ് ആദിവാസി ഊരുകളിലേക്ക് സംഘ്പരിവാർ കടന്നു ചെന്നത്. രണ്ടു രീതിയിലാണ് ഇത് നടപ്പാക്കിയത്. ഒന്ന്, ബി.ജെ.പി, ആർ.എസ്.എസ് നേതാക്കളുടെ നേതൃത്വത്തിൽ നീതി നിഷേധത്തിനെതിരെയും അവകാശ സംരക്ഷണത്തിനുവേണ്ടിയുമുള്ള സമരങ്ങൾ സംഘടിപ്പിക്കുകയും ആദിവാസികളെ തങ്ങളുടെ കൊടിക്കു പിന്നിൽ അണിനിരത്തുകയും ചെയ്യുക. അതുവഴി ബി.ജെ.പിയും ആർ.എസ്.എസുമാണ് തങ്ങളുടെ രക്ഷകർ എന്ന് ആദിവാസികൾക്കിടയിൽ സ്ഥാപിച്ചെടുക്കും. രണ്ട്, ഹൈന്ദവ മത-സാംസ്കാരിക ചടങ്ങുകൾ ആഘോഷപൂർവം സംഘടിപ്പിക്കുകയും ആദിവാസികളെ ഹിന്ദുത്വത്തിന്റെ വാഹകരെന്ന് ധരിപ്പിച്ച് അതിൽ പങ്കാളികളാക്കുകയും ചെയ്യുക.

1950-കളുടെ തുടക്കത്തിൽതന്നെ ആർ.എസ്.എസ് വയനാട്ടിലെ ആദിവാസികൾക്കിടയിൽ പ്രവർത്തനം ആരംഭിച്ചു. 'ആദിവാസി സ്വയം സേവക് സംഘ്' എന്ന സംഘടന അതിനുവേണ്ടിയാണ് ആർ.എസ്.എസ് രൂപീകരിച്ചത്. 1964ൽ വയനാട് ആദിവാസി സംഘം രൂപീകരിച്ചു. കേരള വനവാസി വികസന കേന്ദ്രം സ്ഥാപിച്ചതും ആർ.എസ്.എസിന്റെ ആഭിമുഖ്യത്തിലാണ്. അഖില ഭാരതീയ വനവാസി കല്യാൺ ആശ്രമത്തിന്റെ പോഷകഘടകമാണ് കേരള വനവാസി വികസന കേന്ദ്രം. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് വയനാട് മുട്ടിൽ വിവേകാനന്ദ കമീഷൻ. ഇവയെല്ലാം അമേരിക്കൻ-യൂറോപ്യൻ പണം കൊണ്ടുകൂടിയാണ് പ്രവർത്തിക്കുന്നത്.

വയനാട്ടിൽ ആദിവാസികൾക്കു വേണ്ടി ഏകൽ വിദ്യാലയങ്ങളും വിദ്യാർഥി ഹോസ്റ്റലുകളും പ്രാഥമിക പാഠശാലകളും തൊഴിൽ-പരിശീലന കേന്ദ്രങ്ങളും സംഘ്പരിവാർ നടത്തുന്നുണ്ട്. 1972 മുതൽ വയനാട്ടിലെ മുട്ടിൽ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന വിവേകാനന്ദ മെഡിക്കൽ മിഷനു കീഴിൽ 50 ഗ്രാമീണ വിദ്യാലയങ്ങളും നൂറോളം സ്വാസ്ഥ്യമിത്ര പ്രവർത്തകരുമുണ്ടെന്നാണ് അവരുടെ രേഖകൾ പറയുന്നത്. ആറ് സബ്സെന്ററുകളിലൂടെ വനവാസികൾക്ക് സൗജന്യ ചികിത്സയും നൽകുന്നു. ആർ.എസ്.എസ് നിയോഗിച്ച നാഗ്പൂർ സ്വദേശി ഡോ. ധനഞ്ജയ് സഗ്ദേവിനാണ് വിവേകാനന്ദ കേന്ദ്രത്തിന്റെ നേതൃത്വം.

1950-കൾ മുതൽ ഹിന്ദുത്വാശയങ്ങളും വർഗീയ വികാരവും ആദിവാസികളിൽ കുത്തിവെക്കുന്നതിനായി നിരവധി ഹിന്ദു സമ്മേളനങ്ങൾ വയനാട്ടിൽ സംഘ്പരിവാർ സംഘടിപ്പിച്ചിട്ടുണ്ട്. അവയിൽ പങ്കെടുക്കാനായി ഇന്ത്യയിലെ മുതിർന്ന ആർ.എസ്.എസ് നേതാക്കൾ വയനാട്ടിലെത്തുകയുണ്ടായി. ആർ.എസ്.എസിന്റെ സർസംഘ്ചാലകായിരുന്ന ബാബാസാഹേബ് ദേവറസ്, കെ.എസ് സുദർശൻ, അടൽ ബിഹാരി വാജ്പെയ്, എൽ.കെ അദ്വാനി, പ്രമോദ് മഹാജൻ, ജഗ്ദേവ് റാവു ഒറാവ്, ശങ്കര ശാസ്ത്രീ, കെ.ജി മാരാർ, ഒ. രാജഗോപാൽ തുടങ്ങിയ ദേശീയ-സംസ്ഥാന നേതാക്കൾ മുതൽ കേരളത്തിലെ ഹിന്ദുത്വ ആചാര്യന്മാരായ പി.പരമേശ്വരനും സ്വാമി ചിദാനന്ദപുരിയുംവരെ അവരിലുണ്ട്.

പഴശ്ശിരാജാവിനെയും അദ്ദേഹത്തിന്റെ സൈനികരിൽ പ്രധാനിയായിരുന്ന തലയ്ക്കൽ ചന്തുവിനെയും ഹിന്ദുത്വത്തിന്റെ വീരപുരുഷന്മാരായാണ് ആർ.എസ്.എസ് ആദിവാസികൾക്കു മുമ്പിൽ അവതരിപ്പിക്കുന്നത്. ചന്തു ആദിവാസികളിൽപെട്ട ആളായിരുന്നു. അതേസമയം ടിപ്പുവിന്റെ പടയോട്ടത്തെയും മുസ്‌ലിം-ക്രിസ്ത്യൻ കുടിയേറ്റത്തെയും മതപരിവർത്തനത്തെയും കുറിച്ച് നിറംപിടിപ്പിച്ച കഥകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ ഇതര ആദിവാസി മേഖലകളിൽനിന്ന് വ്യത്യസ്തമായി വയനാട്ടിലെ വർധിച്ച മുസ്‌ലിം-ക്രിസ്ത്യൻ സാന്നിധ്യവും ആദിവാസികളുടെ ചരിത്രപരമായ പിന്നാക്കാവസ്ഥയും സംഘ്കഥകൾ വിശ്വസിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. തങ്ങളുടെ എല്ലാ പിന്നാക്കാവസ്ഥക്കും കാരണം ക്രിസ്ത്യാനികളും മുസ്‌ലിംകളുമാണെന്നാണ് ആദിവാസികളെ വിശ്വസിപ്പിക്കുന്നത്.

കേരളത്തിൽ ആദിവാസികളുടെ കാവിവൽക്കരണത്തിന് പ്രഥമ ഘട്ടത്തിൽ നേതൃത്വം നൽകിയത് പി. പരമേശ്വരനായിരുന്നു. തദാവശ്യാർഥം ആർ.എസ്.എസിന്റെയും വി.എച്ച്.പിയുടെയും ഒട്ടേറെ നേതാക്കൾ (സംഘ്ചാലകുമാർ) വയനാട്ടിലേക്ക് ചുരംകയറി ആദിവാസി കുടിലുകളിലെത്തി. കുറിച്യരിലും കുറുമരിലും നായ്കരിലും മറ്റും പെട്ട ഒട്ടേറെ ആദിവാസി ചെറുപ്പക്കാർ ആർ.എസ്.എസ് ശാഖകളിലെത്തി. വർഗീയതയുടെ മുദ്രാവാക്യങ്ങൾ പഠിച്ചു, ആയുധ പരിശീലനം നേടി. തലയ്ക്കൽ ചന്തുവിന്റെ മരണദിനം 'വീരാഹുതി ദിന'മായി ആചരിച്ചു. 1990-ലെ ആദ്യത്തെ കർസേവയിൽ പങ്കെടുക്കാൻ വയനാട്ടിൽനിന്ന് പുറപ്പെട്ട സന്നദ്ധസംഘത്തിലെ 85 പേരിൽ 45ഉം വനവാസികളായിരുന്നു. (*ആദിവാസികളുടെ സാമൂഹിക പരിവർത്തനവും ആർ.എസ്.എസും*- എം. രാധാകൃഷ്ണൻ)

ആദിവാസികളുടേത് മാത്രമായ ഒരു ട്രൈബൽ ജില്ല വയനാട്ടിൽ രൂപീകരിക്കണം എന്നതാണ് സംഘ്പരിവാറിന്റെ ഒരു വാദം. ഇതര സംസ്ഥാനങ്ങളിലെ പോലെ ട്രൈബൽ ജില്ല ബി.ജെ.പിയുടെ അധികാര താൽപര്യങ്ങളും നിയമസഭാ പ്രവേശനവും പൂർത്തീകരിക്കാൻ സഹായിക്കുമെന്നാണ് അവർ കരുതുന്നത്. 1974 മാർച്ച് 25-ന് വയനാട്ടിൽ നടന്ന ആദിവാസി മഹാസമ്മേളനത്തിലാണ് ഈ ആവശ്യം ഉന്നയിച്ചത്. എൽ.കെ അദ്വാനി അതിൽ പങ്കെടുത്തിരുന്നു.

2003 ജനുവരി 14ന് മാനന്തവാടിക്കടുത്ത വള്ളിയൂർക്കാവിൽനടന്ന വനവാസി സംഗമമായിരുന്നു ആർ.എസ്.എസ് സംഘടിപ്പിച്ച മറ്റൊരു പ്രധാന ആദിവാസി സമ്മേളനം. ആർ.എസ്.എസ് നേതാവ് സുദർശനായിരുന്നു മുഖ്യാതിഥി. വള്ളിയൂർകാവിൽ സമ്മേളനം സംഘടിപ്പിച്ചതിനു പിന്നിലും ഒരു രാഷ്ട്രീയമുണ്ട്. കുറിച്യരുടെ കുലദേവതയാണ് വള്ളിയൂർകാവ് ഭഗവതി. പഴശ്ശിരാജാവിനെ യുദ്ധത്തിൽ സഹായിക്കാൻ ഭഗവതിയുടെ വെളിച്ചപ്പാട് ഭക്തരായ വനവാസികളോട് ആഹ്വാനം ചെയ്തിരുന്നുവത്രെ! ആദിവാസികളുടെ മത പ്രതീകമായ വള്ളിയൂർകാവാണ് ആർ.എസ്.എസ് തങ്ങളുടെ പുതിയ യുദ്ധത്തിന് വനവാസികളെ ആഹ്വാനം ചെയ്യാനായി തെരഞ്ഞെടുത്തത്. വിവാദങ്ങളും എതിർപ്പുകളും ഏറെയുണ്ടാക്കിയ സമ്മേളനം പ്രതീക്ഷിച്ചപോലെ വിജയം കണ്ടില്ല. സംഘ്പരിവാർ കേരളത്തിലെ ആദിവാസികൾക്കിടയിൽ നടത്തുന്ന കാവിവൽക്കരണശ്രമങ്ങൾക്ക് ചെറിയ ചില ചലനങ്ങളൊക്കെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളിലേതുപോലെ അത് വിജയം കണ്ടിട്ടില്ല. സംഘ്പരിവാറിന് ഈ രംഗത്ത് വിജയം നേടാനായാൽ ഗുജറാത്തിലും ഒറീസയിലും കണ്ടപോലെ കേരളത്തിലും സംഭവിക്കാവുന്ന ന്യൂനപക്ഷവേട്ടകളിൽ അമ്പും വില്ലും കുന്തവുമേന്തിയ ആദിവാസികളുമുണ്ടാവും! ■

sadarvzkd@yahoo.co.in

(അവസാനിച്ചു)